## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5943 28/10/2011 ൽ മറുപടിക്ക്

### പോലീസ് ഉദ്യോഗസ്ഥർക്ക് ഓപ്ഷൻ നൽകിയിട്ടും ശമ്പളം മാറ്റി നൽകാത്തതിന് നടപടി

| ചോദ്യം<br>ശ്രീ. ജി.എസ്.ജയലാൽ : | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സംസ്ഥാന ആഭ്യന്തര വകുപ്പിൽ സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് വിവിധ വിഭാഗം ജീവനക്കാർ ഓപ്ഷൻ നൽകിയെങ്കിലും ശമ്പളം പുതുക്കി നിശ്ചയിച്ച് മാറി നൽകാതെ താമസിപ്പിക്കുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) ഉണ്ട്. 22.08.2011-ലെ സർക്കാർ ഉത്തരവ് (എം.എസ്) 185/11 നിലവിൽ വന്നതിനുശേഷം ശമ്പള നിർണ്ണയ ഓപ്ഷനുകൾ മാറ്റി നൽകുക വഴിയും സസ്പെൻഷൻ/ദീർഘകാല അവധി എന്നിവയിൽ തീർപ്പ് കൽപ്പിക്കുവാനുണ്ടായ കാലതാമസവുമാണ് ശമ്പളം പരിഷ്കരിക്കുന്നത് വൈകുവാൻ ഇടയായത്. |
| (ബി) കൊല്ലം ജില്ലയിൽ ഏതൊക്കെ വിഭാഗം പോലീസ് ഉദ്യോഗസ്ഥർക്കാണ് ഓപ്ഷൻ നൽകിയിട്ടും ശമ്പളം മാറി നൽകാത്തതെന്ന് അറിയിക്കുമോ; | (ബിയും, സിയും) ദീർഘകാല അവധി, അച്ചടക്ക നടപടികൾ തുടങ്ങിയ സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾ ഉള്ള പോലീസ് ഉദ്യോഗസ്ഥർക്കാണ് ഓപ്ഷൻ നൽകിയിട്ടും പരിഷ്കരിച്ച് ശമ്പളം നൽകാത്തത്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ തീർപ്പ് കൽപ്പിച്ച് ശമ്പളം പരിഷ്കരിച്ച് നൽകുവാൻ അടിയന്തിര നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുമോ? | |

സെക്ഷൻ ഓഫീസർ